(ബി) പ്രസ്തുത കമ്പനിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; ഇത് എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) കമ്പനി വ്യാജരേഖ ചമച്ച് മറിച്ച വിറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ആദ്യഘട്ടമായി കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C)33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തു കൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുള്ള റിക്കാർഡുകൾ പ്രകാരം ആകെ 62548 ഏക്കർ ഭൂമിയുണ്ട്.

(സി) ഉണ്ട്.

ഏകാദ്ധ്യാപകരുടെ ജോലി സുരക്ഷ

30(*420) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുന്നതിനുള്ള സർക്കാർ ഉത്തരവ് എന്നാണ് പുറത്തിറങ്ങിയത്; ഉത്തരവിന്റെ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ പ്രസ്തുത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ സ്ഥിര നിയമനം നൽകി ജോലി സുരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡി.പി.ഐ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തുവെന്ന വെളിപ്പെടുത്തുമോ;

(ഡി) പരിമിതമായ യാത്രാസൗകര്യങ്ങളിൽ, കിലോമീറ്ററുകൾ കാൽനടയാത്ര ചെയ്ത് അർപ്പണ മനോഭാവത്തോടെ ജോലി ചെയ്യുന്ന ഏകാദ്ധ്യാപകരുടെ ജോലി സുരക്ഷ ഉറപ്പ് വരുത്തുന്നതിന് അടിയന്തരമായി തീരുമാനം എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) 1-3-2014-ലാണ് പ്രസ്തുത ഉത്തരവ് പുറത്തിറങ്ങിയത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പത്ത് എണ്ണത്തെ സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടമായി അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരെ അവരുടെ യോഗ്യതയും സേവന കാലയളവും പരിഗണിച്ച് അദ്ധ്യാപകരായോ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായോ നിലനിർത്തണമെന്ന ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഇവരുടെ ജോലി സുരക്ഷ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

1(4595) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാനിയോസ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതു സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ (ഫയൽ നം. 34180/C3/12/HEdn) അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ;

---

* ലൈബ്രറി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly